**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4983** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വാക്സിൻ നൽകുന്ന കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ ഭാഗത്ത് നിന്നും അനാസ്ഥയുണ്ടെന്ന തരത്തിലുള്ള പത്രവാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് 19 വാക്സിൻ നൽകുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തു നിന്നും നാളിതുവരെ അനാസ്ഥയൊന്നും ഉണ്ടായിട്ടില്ല. |
| (ബി) | എറണാകുളം ജില്ലയിൽ പതിനെട്ട് വയസ്സ കഴിഞ്ഞ എല്ലാവർക്കും ഒന്നാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 04/08/2021 വരെ എറണാകുളം ജില്ലയിൽ 18 വയസ്സ് കഴിഞ്ഞ 19,97,536 പേർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. 18 വയസ്സ് കഴിഞ്ഞ 7,03,118 പേർക്ക് (04/08/2021 വരെ) രണ്ടാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. രണ്ടാം ഡോസ് കൊടുക്കുവാനുള്ള സമയം ആകുന്ന മുറയ്ക്ക് വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകി വരുന്നുണ്ട്. |
| (സി) | എറണാകുളം ജില്ലയിൽ പതിനെട്ടു വയസ്സ കഴിഞ്ഞ എല്ലാവർക്കും രണ്ടാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | 04/08/2021 വരെ എറണാകുളം ജില്ലയിൽ 18 വയസ്സ് കഴിഞ്ഞ 19,97,536 പേർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. 18 വയസ്സ് കഴിഞ്ഞ 7,03,118 പേർക്ക് (04/08/2021 വരെ) രണ്ടാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. രണ്ടാം ഡോസ് കൊടുക്കുവാനുള്ള സമയം ആകുന്ന മുറയ്ക്ക് വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകി വരുന്നുണ്ട്. |
| (ഡി) | കോവിഡിന്റെ മൂന്നാം തരംഗത്തെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് ജില്ലാതലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | കോവിഡിന്റെ മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെ തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനു വേണ്ടി സ്വീകരിച്ചു വരുന്ന മുൻ കരുതലുകൾ ചുവടെ ചേർക്കുന്നു. • രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും. ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്. ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. • രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടികണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ. വെന്റിലേറ്ററുകൾ. ICU സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. • പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് |

ആശുപത്രികളിലെയും, CFLTC കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. • ജില്ലാ തലത്തിലുള്ള DPMSU (District Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്കു ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. • ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനു വേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. • ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ-സംസ്ഥാനതലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു. • കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ഉപകരണങ്ങളും KMSCL മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. • സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. • പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ-പ്രശ്നങ്ങൾക്കായുള്ള ചികിത്സ ലഭ്യമാക്കി വരുന്നു. • കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി ഡോക്ടർമാർക്കും. വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുന്നു. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. • സംസ്ഥാനതല വിദഗ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ

ശക്തിപ്പെടുത്തുകയും ചെയ്യുന്നു. • ബഹു. കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. • വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പ് വരുത്തിക്കൊണ്ടും ജന-പ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. • വാക്സിൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. • ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. • PHC/FHC/CHC കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. • താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. • കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ ജാഗ്രതാ പോർട്ടലിൽ നിന്നും പാസ് ലഭ്യമാക്കുകയും 48 മണിക്കൂറിനുള്ളിൽ ഉള്ള നെഗറ്റീവ് RTPCR റിസൾട്ട് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. • കോവിഡ്19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സീക്വൻസിംഗ് നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്. • അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. • എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത്

| | | | |
|---|---|---|---|
| | | | പീഡിയാട്രിക് ഐ.സി.യു കിടക്കകൾ സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ